(ബി) എങ്കിൽ അപ്രകാരം വൈദ്യുതി നിയന്ത്രണത്തിനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ ;

(സി) വൈദ്യുതി നിയന്ത്രണം എന്ന് ഒഴിവാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വൈദ്യുതി ലഭ്യതയിൽ ഉണ്ടാകുന്ന കറവുമൂലമോ പ്രസരണ ലൈനുകളുടെ തകരാറുമൂലമോ ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ മാത്രം താല്ക്കാലികമായി വൈദ്യുതി നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്. ഈ വർഷം വൈദ്യുതി ബോർഡ് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതി വ്യാപാരികളിൽനിന്നും മറ്റ് വൈദ്യുതി ഉല്പാദകരിൽനിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയും കേന്ദ്രപൂളിൽനിന്നും സംസ്ഥാനത്തിനനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭിക്കുകയും ചെയ്യുന്നപക്ഷം സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡിംഗോ പവർകട്ടോ ആവശ്യമായി വരുന്നില്ല. എന്നാൽ നിലവിൽ രാജ്യത്തെ മറ്റ് മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും ദക്ഷിണഗ്രിഡിൽതന്നെ S1 മേഖലയിൽനിന്നും S2 മേഖലയിലേക്ക് വൈദ്യുതി കൊണ്ടുവരുന്നതിനും പ്രസരണ ശൃംഖലയിൽ അപര്യാപ്തത നിലനിൽക്കുന്നതിനാൽ കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ ദ്രവ ഇന്ധന നിലയങ്ങളായ NTPC, BSES, Kochi തുടങ്ങിയവയിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് സംസ്ഥാനത്തിന്റെ പുറത്തുനിന്നും വൈദ്യുതി ബോർഡ് കരാറിലേർപ്പെട്ട വൈദ്യുതി കൊണ്ടുവരാൻ സാധിക്കാത്തതുമൂലമുള്ള കറവ് പരിഹരിക്കുകയും അതുവഴി ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുകയും ചെയ്യുവരുന്നത്.

അപ്രഖ്യാപിത പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കുന്നതിനു നടപടി

58 (398) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഡാമുകളിലെല്ലാം സമൃദ്ധമായി ജലം ശേഖരിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടിട്ടും ഇപ്പോഴും സംസ്ഥാനത്ത് അപ്രഖ്യാപിത പവർകെട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത നടപടി അവസാനിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ലോഡ്ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രതീക്ഷിതമായി വൈദ്യുതി ലഭ്യതയിലുണ്ടാകുന്ന കുറവുമൂലം ഗ്രിഡ് സുരക്ഷ കണക്കിലെടുത്ത് ഒഴിവാക്കാൻ പറ്റാത്ത സാഹചര്യത്തിൽ ചെറിയ തോതിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരാറുണ്ട്. ജലവൈദ്യുതി കൊണ്ടുമാത്രം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനാകില്ല.

കേരളത്തിനാവശ്യമായ വൈദ്യുതിയുടെ ഡിമാന്റിന്റെ ഏകദേശം നാല്പതു ശതമാനംമാത്രമേ സംസ്ഥാനത്തിനകത്തുള്ള ജലവൈദ്യുതി നിലയങ്ങളിൽനിന്നും ഉൽപാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും സംസ്ഥാനത്തിനകത്തുള്ള താപനിലയങ്ങളിൽനിന്നും ടേഡർമാർ മുഖേന പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതിയും ഉപയോഗിച്ചാണ് ബാക്കി ആവശ്യകത നിറവേറ്റുന്നത്. ഇപ്രകാരം പുറമേനിന്ന് വാങ്ങുന്ന വൈദ്യുതി കൊണ്ടുവരുന്നതിന് ആവശ്യമായശേഷിയുള്ള പ്രസരണ ഇടനാഴി ഇപ്പോൾ ലഭ്യമല്ല. ഇത്തരണത്തിൽ ഉപയോഗപ്പെടുത്തിയാണ്.എന്നാൽ ഏതെങ്കിലും കാരണവശാൽ അധികശേഷി പുറമേനിന്നും വൈദ്യുതി എത്തിക്കുന്നത് നിലവിലുള്ള ലൈനുകളുടെഅധികശേഷി ഉപയോഗിക്കുന്നതിന് എസ്.ആർ. എൽ.ഡി.സി. വിലക്കേർപ്പെടുത്തിയാൽ കേരളത്തിലെ ഉപഭോഗം നിയന്ത്രിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല.

(ബി) വൈദ്യുതി നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാറുണ്ട്. കൂടാതെ ലഭ്യമായ എല്ലാ സ്രോതസ്സുകളിൽനിന്നും പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയും നിയന്ത്രണങ്ങൾ ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. അതുപോലെ മറ്റുസംസ്ഥാനങ്ങൾ വേണ്ടെന്നുവയ്ക്കുന്ന അവരുടെ കേന്ദ്രവിഹിതം വാങ്ങാനും ശ്രമിക്കാറുണ്ട്. അതേ സമയം കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി പി.ജി.സി.ഐ.എൽ.

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്ന മൈസൂർ-അരിക്കോട്, തിരുനെൽവേലി -കൊച്ചി എന്നീ 400 കെ.വി. ലൈനുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

59 (399) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വൈദ്യുതീകരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പൂർത്തീകരിച്ച കണക്ഷനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കേന്ദ്രമാക്കി രൂപീകരിക്കുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) താമരക്കുളം ഗ്രാമപഞ്ചായത്തിൽ വെൽഫെയർ എൽ.പി.എസ്-നു സമീപം താഴ്ന്നു കിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിന് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ചെയ്യുന്നതിനുള്ള തുക അനുവദിക്കുമോ ?

ഉത്തരം

(എ) ഒക്ടോബർ 2014 വരെ 6257 സർവ്വീസ് കണക്ഷനുകൾ നൽകുകയും 49 കിലോമീറ്റർ 11 കെ.വി. ലൈനും 61 കിലോമീറ്റർ എൽ.റ്റി. ലൈനും വലിക്കുകയും 72 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്ഷനുകളുടെ എണ്ണം താഴെ ചേർക്കുന്നു :

ബി.പി.എൽ. വെതർപ്രൂഫ്	373
ബി.പി.എൽ. ഓവർഹെഡ്	80

LIBRARY ARCHIVES Kerala Legislative Assembly